# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരുവാറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P.3/269/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുവാറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P.3/269/2023 തീയ്യതി: 23/03/2023

## ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 22-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ് സുരേഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.നിഷ എൻ | സെക്രട്ടറി | 01-04-2021 | 26-06-2021 |

| | | | |
|---|---|---|---|
| തയ്യിൽ | | | |
| ശ്രീമതി.ഷാമില | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-06-2021 | 28-06-2021 |
| ശ്രീ.അജയകുമാർ സി വി | സെക്രട്ടറി | 29-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷാമില | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജു ശ്രീധരൻ | മെഡിക്കൽ ഓഫീസർ (സി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.അനീഷ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.മഹേശ്വരി ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.അരുൺ | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.ഉമ്മർകുഞ്ഞ് എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സവിത കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| ശ്രീമതി.ഷിജിമോൾ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ശ്രീമതി. സിന്ധു ഒ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ധന്യ ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരുവാറ്റ നോർത്ത്) | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത ആർ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കരുവാറ്റ സൗത്ത്) | 01-04-2021 | 31-03-2022 |
| ഡോ.രേഖ | വെറ്ററിനറി സർജൻ | 01-04-2021 | 15-12-2021 |
| ഡോ. രഞ്ജിനി പി | വെറ്ററിനറി സർജൻ | 16-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല | 1-10 |
| 12 | സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി- | 1-11 |
| 13 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് ലഭ്യമായില്ല,42930/-തടസ്സപ്പെടുത്തുന്നു | 1-12 |
| 14 | മരുന്ന് ലഭ്യമായില്ല,9170/-രൂപ തടസ്സപ്പെടുത്തുന്നു | 1-13 |
| 15 | വാട്ടർ ചാർജ്ജ് കുടിശ്ശിക | 1-14 |
| 16 | ട്യൂബ്  വെൽ നിർമ്മണം ആരംഭിച്ചിട്ടില്ല - ഭൂജലവകുപ്പിൽ 877000/- രൂപ നിക്ഷേപമായി തുടരുന്നു | 1-15 |
| 17 | ജൈവവൈവിധ്യ സംരക്ഷണ പ്രജനന വിതരണ കേന്ദ്രം | 1-16 |
| 18 | സുഭിക്ഷകേരളം ഇടവിളകൃഷി-ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് സബ്സിഡി തുക ക്രെഡിറ്റ് ആയിട്ടില്ല | 1-17 |
| 19 | ഐ.കെ.എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 92673/- തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്നുകളും വിതരണസാമഗ്രികളും വാങ്ങൽ/ പ്രോജക്ട് നം. 10/22- തടസ്സം- 206057 /- | 1-19 |
| 21 | ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-20 |
| 22 | ഓഡിറ്റ് ഇംപാക്ട് -കാലി വീപ്പയുടെ വില ഈടാക്കിയതിൽ കുറവ് വന്ന 3131 രൂപ /- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. | 1-21 |
| 23 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു- | 1-22 |
| 24 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ | 1-23 |

| | | |
|---|---|---|
| | പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17/02/2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.15.03.2022 ലെ 2/2 നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 268897615 | 260131500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്) | 189899196 | 189128913 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.06.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന

കരുവാറ്റാ ഗ്രാമ പഞ്ചായത്തിന്റെ 2021-22 ലെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. DCB Own Fund അക്കൗണ്ടിന്റെ ( 450230101) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ക്ലിയർ ചെയ്യാനുള്ള ചെക്കുകളിൽ ചുവടെ ചേർക്കുന്നവ കാലാവധി കഴിഞ്ഞ ചെക്കുകളാണ്.

| വൗച്ചർ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 119200500037 | 2313564 | 13.02.2020 | 2500 |
| 1200103171 | 3551561 | 19.03.2021 | 3750 |
| ആകെ | | | 6250 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.SBI -E Payment അക്കൗണ്ടിന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Cheque Deposited But Not Cleared എന്നതിൽ വളരെയധികം തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം 07/21 മുതൽ 2021-22 ൽ ആകെ 17223/- രൂപയുടെ ചെക്കുകൾ ക്ലിയർചെയ്യാനുണ്ട്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

3. മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകകൾ തൻവർഷവും ലയബിലിറ്റിയായി അവശേഷിക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 320100153 | Panchayat Yuva Krida Aur Khel Abhiyan | 350000 |
| 320100192 | Flood Relief Grant | 466432 |
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 1209749 |

4.സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുക വർഷങ്ങളായി ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | Contributions For Joint Venture Projects (For Capital Expenditure) - From BlockPanchayats | 1,500,000.00 |

| | | |
|---|---|---|
| 2 | Contributions For Joint Venture Projects (For Revenue Expenditure) - From BlockPanchayats | 37,647.00 |
| 3 | Contributions For Joint Venture Projects (For Revenue Expenditure) - From DistrictPanchayats | 57,373.00 |
| 4 | Contributions For Other Specific Purposes (For Revenue Expenditure)- FromDistrict Panchayats | 75,000.00 |

5.. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക കണക്ക് , സഞ്ചയ സ്റ്റേറ്റ്മെന്റ് തമ്മിൽ വ്യത്യാസം ഉണ്ട്.

6. പെർമിറ്റ് രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7.കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 റൂൾ 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2021-22 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി) അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി) മുൻവർഷത്തെ താരതമ്യ തുകകൾ.
ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നം 1,2 എന്നിവ 2022-23 ൽ പരിഹരിച്ചിട്ടുണ്ട് എന്നും മറ്റുള്ളവയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി(നം.11/01.03.2023)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23639381 |
| വരവ് | 64991676 |
| ആകെ | 88631057 |
| ചെലവ് | 62915752 |
| നീക്കിയിരിപ്പ് | 25715305 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ഉറവിടത്തിൽ കുറവ് ചെയ്ത തുൾപ്പെടെ) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13639000 | 13639000 | 4293024 | 13639000 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 3511000 | 3511000 | 132509 | 3511000 | 00 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 13174323 | 13174323 | - | 4097264 | 9077059 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8134467 | 8134467 | - | 7653120 | 481347 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | 0 | 7118850 | 7118850 | - | 2962291 | 1708990 (ലാപ്സ്ഡ്) 2447569( ബാങ്ക്) |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 0 | 3807600 | 3807600 | - | 1093763 | 173837 (ലാപ്സ്ഡ്) 2540000 (ബാങ്ക്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 122 | 110358873 | 66 | 47571343 | 28 | 28 | 54.09% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 303722 | 1335024 | 1638746 | 1638104 | 642 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 83075751 | 83075751 | 83075751 | |
| ആകെ | 303722 | 84410775 | 84714497 | 84713855 | 642 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 189840 | 177 |
| കർഷക തൊഴിലാളി പെൻഷൻ | 16014200 | 958 |
| വിധവ പെൻഷൻ | 13694700 | 865 |
| വാർദ്ധക്യകാല പെൻഷൻ | 25010500 | 1679 |
| വികലാംഗ പെൻഷൻ | 5134600 | 311 |
| അവിവാഹിത പെൻഷൻ | 732800 | 47 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2023, 3.45 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10097/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ അപ്ഡേഷനുകൾ വരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.പ്രവർത്തന ക്ഷമമല്ലാത്ത പൊതുടാപ്പുകൾ കട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും സംയുക്തപരിശോധന യഥാസമയം നടക്കാത്തതിനാൽ ഉപയോഗശൂന്യമായ ടാപ്പുകൾ കട്ട് ചെയ്യുവാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.

5. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അപൂർണ്ണമാണ്. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ

ഗൗരവകരമായ സമീപനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

6.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല

*1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.*

തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത ജീവനക്കാർ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ക്ഷീരോൽപാദക സഹകരണ സംഘം നം-114(D)Apcos | 1&2 |
| കരാറുകാർ | 1&2 |

സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ക്ഷീരോൽപാദക സഹകരണ സംഘം നം-114(D)Apcos | I &2 |
| ബി എസ് എൻ എൽ | I &2 |

മേൽ സൂചിപ്പിച്ചവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(8/01.3.2023)നൽകിയതിന് തൊഴിൽ നികുതി ഈടാക്കുന്നതിനായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ആയതു പ്രകാരം തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 സാമൂഹ്യ ക്ഷേമ പെൻഷൻ - യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ വീഴ്ച - മരണശേഷവും വിതരണം നടത്തി-

*പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളിൽ ആധാർ നമ്പർ ലഭ്യമാക്കിയിട്ടുള്ളവരുടെ വിവരവും ഒത്തുനോക്കിയതിൽ ബാങ്ക് അക്കൌണ്ടുവഴി പെൻഷൻ വാങ്ങുന്നവരുടെ മരണശേഷം ക്ഷേമപെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യ്പ്പെടുന്നില്ല എന്നു കാണുന്നു. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. തന്മൂലം ദേശസാൽകൃത ബാങ്കുകൾ വഴി പെൻഷൻ കൈപ്പറ്റുന്നവരുടെ അക്കൌണ്ടിലേക്കും, വീടുകളിൽ എത്തിച്ചു നൽകുന്നവർക്കുവേണ്ടി സഹകരണ ബാങ്കുകളുടെ അക്കൌണ്ടിലേക്കും മരണശേഷവും തുക വിതരണം ചെയ്തതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.*

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | രത്നമ്മ,ഇലഞ്ഞിക്കൽ ഹൗസ്,കുരുവാറ്റ | 29.12.2020/ 07.01.2021 | വാർദ്ധക്യകാല പെൻഷൻ 567539744018 | 1/2021- 12/2022 വരെ 38100/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

| | | | | | |
|---|---|---|---|---|---|
| 2 | പത്മാവതി,കരുമല കിഴക്കേതിൽ,കുരുവാറ്റ | 27.12.2020/ 18.01.2021 | വിധവ പെൻഷൻ 919262428868 | 1/2021- 4/2022 വരെ 9600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 3 | ശുഭ്ര ബാലൻ,പുത്തൻവീട്ടിൽ,കുരുവാറ്റ | 29.12.2020/ 25.01.2021 | വാർദ്ധക്യകാല പെൻഷൻ 871691575632 | 1/2021- 5/2022 വരെ 10200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 4 | തങ്കമ്മ,ചൂരക്കാട്ട് കിഴക്കേതിൽകുരുവാറ്റ | 27.2.2021/ 04.03.2021 | വാർദ്ധക്യകാല പെൻഷൻ 260498466152 | 3/2021- 8/2021 വരെ 9500/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 5 | ഭാർഗവി,പത്തനിച്ചിറ,കുരുവാറ്റ | 24.12.2020/ 08.03.2021 | വാർദ്ധക്യകാല പെൻഷൻ 321385233617 | 1/2021- 12/2021 വരെ 7200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 6 | പ്രകാശൻ ആർ,പുഷ്പമംഗലം,കുരുവാറ്റ | 14.3.2021/ 08.04.2021 | കർഷകതൊഴിലാളിപെൻഷൻ 419312986820 | 4/2021- 4/2022വരെ 25600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 7 | ജോൺ എം പി,ചക്കിട്ടപറമ്പ്,കരുവാറ്റ | 26.4.2021/ 30.04.2021 | വാർദ്ധക്യകാല പെൻഷൻ 365072049947 | 5/2021- 8/2022വരെ 25600/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 8 | നബീസ,പാലപറമ്പിൽ,കരുവാറ്റ | 06.7.2020/ 20.07.2021 | വാർദ്ധക്യകാല പെൻഷൻ 865189179274 | 8/2020- 6/2021വരെ 16200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 9 | ലീല,അംബിക ഭവൻ,കരുവാറ്റ | 04.9.2021/ 17.09.2021 | വിധവ പെൻഷൻ 616100484481 | 10/2021- 4/2022വരെ 11200/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 10 | കമലാക്ഷി, | 16.9.2021/ 16.10.2021 | വാർദ്ധക്യകാല പെൻഷൻ 459633928099 | 10/2021- 4/2022വരെ 12800/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |
| 11 | സരസമ്മ,കളത്തിൽ,കരുവാറ്റ | 26.12.2021/ 17.1.2022 | വിധവ പെൻഷൻ 424457299317 | 1/2022 4/2022വരെ 6400/-രൂപ | ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു |

*മുകളിൽ സൂചിപ്പിച്ചിരിക്കുന്നവരുടെ പെൻഷൻ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യേണ്ടതും അനർഹമായ കാലയളവിലേക്ക് നൽകിയ തുകയായ 172400/-രൂപ അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈഗഡാക്കിഡിബിറ്റി സെല്ലിൽ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.*

2. സഹകരണ സൊസൈറ്റികൾ മുഖേന വിതരണം നടത്തിയത്-

ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതായികാണുന്നു. ഇതുമൂലം സഹകരണ ബാങ്കുകളിലെ അക്കൌണ്ടിലേക്ക് തുക നൽകികൊണ്ടിരിക്കുന്നു.

മരണശേഷവും സഹകരണ ബാങ്കുകളിലേക്ക് (ഡയറക്ട് ടു ഹോം) പെൻഷൻ വിതരണം നടത്തുന്നതിന് തുക നൽകിയതിന് ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ മരണ രജിസ്ട്രേഷൻ തീയതി | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഭാരതി,പുത്തൻപറമ്പിൽ,കരുവാറ്റ | 26.12.2020/ | വിധവ പെൻഷൻ | 12/2020- | സഹകരണ ബാങ്ക് |

| | | | | | |
|---|---|---|---|---|---|
| | | 07.01.2021 | 807490087580 | 8/2021 വരെ 13900/-രൂപ | അക്കൌണ്ടിലേക്ക് നൽകി. |
| 2 | രാധ,പാലത്തറ കിഴക്കേതിൽ,കരുവാറ്റ | 25.12.2020/ 07.01.2021 | വിധവ പെൻഷൻ 641872546156 | 12/2020-8/2021 വരെ 13900/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 3 | ഓമന,തൈവെപ്പിൽ പടീറ്റതിൽ,കരുവാറ്റ | 12.11.2020/ 15.01.2021 | വിധവ പെൻഷൻ 520470620552 | 12/2020-9/2021 വരെ 15500/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 4 | ഉത്തമൻ,പറങ്കാമൂട്ടിൽ തെക്കേതിൽ,കരുവാറ്റ | 07.02.2021/ 26.02.2021 | വാർദ്ധക്യകാല പെൻഷൻ 664470839545 | 3/2021-9/2021 വരെ 11100/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 5 | തങ്കമ്മ,ചക്കിട്ട കിഴക്കേതിൽ,കരുവാറ്റ | 15.11.2020/ 05.03.2021 | വാർദ്ധക്യകാല പെൻഷൻ 478657337665 | 12/2020-9/2021 വരെ 15600/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 6 | ചന്ദ്രൻ ആർ,പറയന്റെപറമ്പ്,കരുവാറ്റ | 12.03.2021/ 09.04.2021 | കർഷകതൊഴിലാളിപെൻഷൻ 453318674694 | 4/2021-10/2021 വരെ 11200/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി. |
| 7 | കുഞ്ഞമ്മ,കരിത്തറ കിഴക്കേതില്,കരുവാറ്റ | 22.8.2020/ 24.05.2021 | വാർദ്ധക്യകാല പെൻഷൻ 492504683632 | 9/2020-8/2021 വരെ 18100/- | സഹകരണ ബാങ്ക് അക്കൌണ്ടിലേക്ക് നൽകി |

*ബാങ്കുകളുടെ അക്കൌണ്ടിൽ ഇപ്രകാരം വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ആകെ തുക തിട്ടപ്പെടുത്തി, കണക്ക് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകേണ്ടതും ഡിബിറ്റി സെല്ലിലേക്ക് തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്. നേരിട്ട് പെൻഷൻ വിതരണം ചെയ്യുന്ന സംഗതികളിൽ ഏതൊക്കെ സഹകരണ ബാങ്കുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നതെന്നും, ഇപ്രകാരം വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ എല്ലാ മാസവും മരണപ്പെട്ട ഗുണഭോക്താക്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടോയെന്ന വിവരവും അറിയിക്കേണ്ടതാണ്.*

## 1-12 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് - പാലിയേറ്റീവ് കെയർ പദ്ധതി-മരുന്ന് ലഭ്യമായില്ല,42930/-തടസ്സപ്പെടുത്തുന്നു

*പ്രോജക്ട് നം - 17/22*

*പ്രോജക്ടിന്റെ പേര് - സാന്ത്വന പരിചരണപരിപാടി*

*അടങ്കൽ-625000/-(വികസന ഫണ്ട്)*

ചെലവ്-609860/-

*അടങ്കൽ-170000/-(ബ്ലോക്ക് വിഹിതം)*

*ചെലവ്-169998/-*

ചെലവ് വിവരം

ബിൽ നം.8/21-22/18.10.21, 175600/-

*ബിൽ നം.6/21-22/18.10.21, 169998/*

*മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിന് ബിൽ നം.8 ,6 എന്നിവ പ്രകാരം മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.സി.എൽ ന് യഥാക്രമം 175600/- ,169998/-അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ , ബിൽ നം.6 പ്രകാരമുള്ള തുകയിൽ 158988/--രൂപയുടെ മരുന്നും ഉപകരണങ്ങളും , ബിൽ നം. 8 പ്രകാരമുള്ള തുകയിൽ 143680/-രൂപയുടെ മരുന്ന് എന്നിവ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ അറിയിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/02/03/2023) ലഭ്യമാക്കിയ മറുപടിയിൽ കെ.എം.സി.എൽ ബാക്കി തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാമെന്ന് അറിയിച്ചുണ്ട് . മുൻകൂർ പണം നൽകിയിട്ടും രോഗികൾക്ക് യഥാസമയം മരുന്നുകളും ഉപകരണങ്ങളും ലഭിക്കാത്ത വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ ശ്രദ്ധയിൽപ്പെടുത്തി ഉപകരണങ്ങളുടെയും മരുന്നുകളുടേയും*

*ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.ഉപകരണങ്ങളും മരുന്നും ലഭിക്കാത്ത സാഹചര്യത്തിൽ31920/+11010=42930/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.*

## 1-13 മരുന്ന് ലഭ്യമായില്ല,9170/-രൂപ തടസ്സപ്പെടുത്തുന്നു

*പ്രോജക്ട് നം - 14/22*

പ്രോജക്ടിന്റെ പേര് - പി എച്ച് സി ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-200000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ്-200000/-

ചെലവ് വിവരം

ബിൽ നം.16/21-22/4.12.21, 175000/-

*മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ടി പ്രോജക്ടിന് മേൽ ബിൽ പ്രകാരം മരുന്നു വാങ്ങുന്നതിനായി 175000/-രൂപ കെ.എം.സി.എൽ ന് അക്കൌണ്ട് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ 165830/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.അഡ്വാൻസായി തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭിയ്ക്കാത്തതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/02/03/2023) മറുപടി ലഭ്യമാക്കിയതിൽ കെ.എം.സി.എൽ ബാക്കി തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. മേൽവിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ പഞ്ചായത്ത് ഭരണസമിതിയുടെയോ ശ്രദ്ധയിൽപ്പെടുത്തി ,മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ തക്കവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 9170/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.*

## 1-14 വാട്ടർ ചാർജ്ജ് കുടിശ്ശിക

കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021 ലെ 50917 ാംനമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 351 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് കുടിശ്ശികയുൾപ്പടെ 509824/-രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. മാർച്ച് 2022 ആയപ്പോൾ ഡിമാന്റ് 1006592/- രൂപയായി വർദ്ധിച്ചു. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം ഫൈൻ ഈടാക്കി വരുന്നുണ്ട്. 2021-22ൽ വാട്ടർ അതോറിറ്റി ആകെ 153110 /-രൂപ ഫൈൻ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്. 05/2021ൽ പൊതു ടാപ്പുകളുടെ എണ്ണം 351 ൽ നിന്ന് 353 ആയത് എപ്രകാരമാണെന്നുമുള്ള വിവരം ലഭ്യമല്ല . വാട്ടർ അതോറിറ്റി 353 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 162174 /- രൂപയാണ് പ്രതിമാസം ഡിമാന്റ് ചെയ്യുന്നത്. എന്നാൽ 143063/-രൂപ മാത്രമാണ് ഓരോമാസവും വാട്ടർ ചാർജ്ജ് അടയ്ക്കുന്നത്( 19111/- രൂപ കുറവ് ). ഇപ്രകാരം ബിൽതുകയേക്കാൾ കുറവായി അടച്ച് കുടിശിക വർദ്ധിപ്പിക്കുവാനുള്ള സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/28.02.2023) നൽകിയ മറുപടിയുടെ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിനെ അറിയിയ്ക്കാതെയും സംയുക്ത പരിശോധന നടത്താതെയുമാണ് ടാപ്പുകളുടെ എണ്ണത്തിലും വാട്ടർചാർജ്ജിലും വർദ്ധനവ് വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുവാനും അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ഉപയോഗരഹിതമായ ടാപ്പുകൾ ഒഴിവാക്കുന്നതിനും കേരള വാട്ടർ അതോറിറ്റിക്ക് 22.07.2021 ൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഓർമ്മക്കുറിപ്പുകൾ നൽകിയിട്ടും നാളിതുവരെ തുടർ നടപടി ഉണ്ടായിട്ടില്ല. അപാകത പരിഹരിക്കപ്പെടുന്നതുവരെ അധിക ഡിമാന്റ് തുക അടയ്ക്കുകയില്ല എന്നവിവരം കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന വാട്ടർ ചാർജ്ജ് കുടിശ്ശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ട്യൂബ് വെൽ നിർമ്മണം ആരംഭിച്ചിട്ടില്ല - ഭൂജലവകുപ്പിൽ 877000/- രൂപ നിക്ഷേപമായി തുടരുന്നു

പ്രോജക്ട് നം. S0063/22

പൊതുകുഴൽ കിണർ നിർമ്മാണം

ധനകാര്യകമ്മീഷൻ അവാർഡ് -1000000

തനത് ഫണ്ട് - 100

ആകെ അടങ്കൽ - 1000100

ചെലവ് - 877000/-( 254/01.02.2022)

കുഴൽ കിണർ നിർമ്മാണത്തിലൂടെ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ ആയിരുന്നു സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടിന്റെ ലക്ഷ്യം. കുഴൽ കിണർ നിർമ്മിക്കുന്നതിനായി 877000/- രൂപ 01.02.2022 ൽ ഭൂജല വകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽപ്രവൃത്തി 02/2023 ലും പൂർത്തീകരിക്കുകയോ ഗ്രാമവാസികൾക്ക്

ആയതിന്റെ ഗുണഫലം ലഭിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് കൈ നം. 11/2018 /തസ്വഭവ.തീ.29-01-2018 , ഖണ്ഡിക11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന് വ്യവസ്ഥചെയ്യുന്നു. എന്നാൽ ഭൂജലവകുപ്പുമായി കരാറിലേർപ്പെടാതെയാണ് തുക കൈമാറിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പാലിക്കാതെ ഭൂജലവകുപ്പിന് നൽകിയ ഡെപ്പോസിറ്റ് ഇപ്പോഴും നിഷ്ക്രിയ ആസ്തിയായി തുടരുന്നു . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.4/28.02.2023.) ഭൂജലവകുപ്പിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു.പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 877000/-/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 ജൈവവൈവിധ്യ സംരക്ഷണ പ്രജനന വിതരണ കേന്ദ്രം

പ്രോജക്ട് നമ്പർ - S0134/22 (സ്പിൽ ഓവർ പ്രോജക്ട്)

ജൈവവൈവിധ്യ സംരക്ഷണ പ്രജനന വിതരണ കേന്ദ്രം

അടങ്കൽ - 100000/- (ജൈവവൈവിധ്യ ബോർഡിൽ നിന്ന് ലഭിച്ച ഫണ്ട്)

ചെലവ് - 100000/-

ചെക്ക് നമ്പർ - 001161/30.03.2022

നിർവ്വഹണം - കൃഷി ഓഫീസർ

ജൈവവൈവിധ്യ ബോർഡിൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രോജക്ട് പ്രകാരം തനത് വിളകളുടെ പ്രജനനത്തിനായി ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് മുതലായവയിൽ പരിചയമുള്ള ഒരാളെ നിയമിച്ച് പ്രദേശത്തെ തനത് ഫലവൃക്ഷങ്ങളേയും സസ്യങ്ങളേയും കണ്ടെത്തി സസ്യവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും മാതൃവൃക്ഷങ്ങൾ സംരക്ഷിയ്ക്കുകയും വിവിധ പ്രജനന മാർഗ്ഗങ്ങളിലൂടെ തൈകൾ ഉത്പാദിപ്പിയ്ക്കാനും ഉത്പാദിപ്പിയ്ക്കപ്പെടുന്ന തൈകൾ ബയോ ഡൈവേഴ്സിറ്റി കമ്മിറ്റി( ബി.എം.സി. ) കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്യാനും ആണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ അഗ്രോ ഇൻഡസ്ട്രീസ്സ് കോർപ്പറേഷനിൽ നിന്ന് ചുവടെ ചേർക്കുംപ്രകാരമുള്ള വൃക്ഷ തൈകൾ, തെങ്ങിൻ തൈകൾ മുതലായവ വാങ്ങി സൗജന്യമായി വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | Mango Graft | 100 |
| 2 | Jack Graft | 100 |
| 3 | Bush Pepper | 300 |
| 4 | Kudampuli Graft | 100 |
| 5 | W C T | 100 |
| 6 | D X T | 50 |
| 7 | T X D | 50 |
| 8 | Gouri Gathra | 50 |

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.14/02.03.2022) കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ മാതൃവൃക്ഷങ്ങൾ കണ്ടെത്താനും തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാനും സാധിക്കുമായിരുന്നില്ല ആയതിനാലാണ് KAICO യിൽ നിന്ന് തൈകൾ എടുത്ത് വിതരണം നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി. കൂടാതെ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നും കൃഷി ഓഫീസർ അറിയിച്ചു. ഇപ്രകാരം മറ്റൊരു സ്ഥാപനത്തിൽ നിന്ന് വാങ്ങിയ തൈകൾ വിതരണം നടത്തുക വഴി ജൈവവൈവിധ്യ പ്രജനന പ്രോജക്ടിന്റെ ലക്ഷ്യം എപ്രകാരമാണ് കൈവരിയ്ക്കുന്നതെന്ന് വ്യക്തമല്ല. കൂടാതെ പദ്ധതിയുടെ ഭാഗമായുള്ള സംഭരണവിതരണ കേന്ദ്രവും നാളിതുവരെ ആരംഭിച്ചിട്ടില്ല.

ജൈവവൈവിധ്യ ബോർഡിൽ സമർപ്പിച്ച പ്രോജക്ടിന് അനുസൃതമായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതും ഉത്പാദിപ്പിയ്ക്കുന്ന തനത് വിളകളുടെ തൈകൾ ബി.എം.സി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിതരണം ചെയ്ത് വരുമാനം ആർജ്ജിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-17 സുഭിക്ഷകേരളം ഇടവിളകൃഷി-ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് സബ്സിഡി തുക

ക്രെഡിറ്റ് ആയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2021-22സാമ്പത്തിക വർഷം സുഭിക്ഷകേരളം ഇടവിളകൃഷി (പ്രോജക്ട് നം.88/22) സബ്സിഡിയിനത്തിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള വിവരങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൌണ്ടുകളിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് | ട്രഷറി ബിൽ റെഫറൻസ് നം./തീയതി | തുക |
|---|---|---|---|
| 1 | അമ്മിണി | 21070652009801253574/ 05.03.2022 | 1400 |
| 2 | അനിത | | 1000 |
| 3 | മഹേശ്വരി | | 1000 |
| 4 | സുജാത | | 1800 |
| | ആകെ | | 5200 |

വിജയാ ബാങ്ക്, ബാങ്ക് ഓഫ് ബറോഡയിൽ ലയിച്ചപ്പോൾ IFSC യിൽ മാറ്റം വന്നതിനാലാണ് ഗുണഭോക്താക്കൾക്ക് തുക ലഭിക്കാതിരുന്നത് എന്നും സർക്കാർ അക്കൗണ്ടിലേയ്ക്കാണ് പ്രസ്തുത തുക പോയിട്ടുള്ളതെന്നും കൃഷി ഓഫീസർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി (നം.5/28.02.2023). ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി തുക അവരുടെ അക്കൌണ്ടുകളിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഐ.കെ.എം. വിഹിതം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 92673/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. S0001/22

ഐ കെ എം വിഹിതം അടയ്ക്കൽ

അടങ്കൽ- 92673/-(വികസനഫണ്ട്)

ചെലവ് - 70200/-(ബിൽ നം.5/07.06.2021)

-22473/-(ബിൽ നം.15/05.10.2021)

70200/- രൂപയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. 22473/- രൂപയുടെ കൈപ്പറ്റ് രസീത്, ആകെ നൽകിയ 92673/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈവിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഐ കെ എം ൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി (04/28.02.2023) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 92673/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്നുകളും വിതരണസാമഗ്രികളും വാങ്ങൽ/ പ്രോജക്ട് നം. 10/22- തടസ്സം- 206057 /-

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | ഹോമിയോ ഡിസ്പെൻസറിക്കാവശ്യമായ മരുന്നുകളും വിതരണസാമഗ്രികളും വാങ്ങൽ/ പ്രോജക്ട് നം. 10/22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 800000(മെയിന്റനൻസ് ഫണ്ട് -റോഡിതരം.) |
| ചെലവ്(ബിൽ നം) | തുക |
| 1/21-22 /10.09.21 | 400000 |

| | |
|---|---|
| 2/21-22 /19.03.22 | 340000 |
| 3/21-22 /24.03.22 | 44550 |
| 4/21-2 /30.03.22 | 15450 |

1.മെഡിക്കൽ ഉപകരണങ്ങൾ, വിതരണസാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി ബിൽ നമ്പർ 3/21-22/24.03.22 പ്രകാരം 44550 പിൻവലിച്ച് ജ്യൂലി ആൻസ് ഏജൻസീസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന്റെ 1182/22.03.22 നമ്പർ ബിൽ പ്രകാരം വാങ്ങിയ വസ്തുക്കളിൽ 2500 രൂപ വിലയുള്ള 3 സാനിട്ടൈസർ ഡിസ്പെൻസർ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/1.03.23),ഓഡിറ്റ് കാലയളവിനു ശേഷം ലഭ്യമാക്കിയ മറുപടിയിൽ ജോലിത്തിരക്കു മൂലം സംഭവിച്ചുപോയ അപാകതയാണിതെന്നും അവ ഇപ്പോൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതുവരെ ടാക്സ് ഉൾപ്പടെ 3 സാനിട്ടൈസർ ഡിസ്പെൻസർ വാങ്ങിയതിനായി നൽകിയ
8850 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.പദ്ധതിപ്രകാരമുള്ള മരുന്നുകൾ വാങ്ങുന്നതിനായി 1/21-22/10.09.21, 2/21-22/19.03.22 ,4/21-2/30.03.22 എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം 400000 രൂപ, 340000 രൂപ,15450 രൂപ എന്നിങ്ങനെ ആകെ 755450 രൂപ പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ടങ്കിലും 558243 രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
ടി അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/1.03.23) ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ലഭിക്കാൻ ബാക്കി നിൽക്കുന്ന 197207 രൂപയുടെ മരുന്നു ലഭിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ടി. മരുന്നുകൾ ലഭ്യമാക്കി അവ സ്റ്റോക്കിലെടുത്ത രേഖകൾ ഹാജരാക്കുന്നതുവരെ ബാക്കി ലഭിക്കാനുള്ള മരുന്നിന് വേണ്ടി ചെലവഴിച്ച 197207 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ലൈഫ് ഭവനനിർമ്മാണം - അഡ്വാൻസ് കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ അഡ്വാൻസ് കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു 40000/- നൽകിയതീയതി | ആകെ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഭാസമ്മ,മഞ്ജു ഭവനം,കരുവാറ്റ വാർഡ്-13 | 27.07.2021 | 200000/- | നിർമ്മാണം പൂർത്തിയായില്ല |
| 2 | സുജാത,സന്ധ്യഭവനം,കരുവാറ്റ വാർഡ്-14 | 27.7.2021 | 40000/- | |
| 3 | സരസമ്മ ഹരിദാസ്,പുതുവൽ,കോമന | 17.08.2021 | 40000/- | |
| 5 | രാധാദാസ്,പുതുവൽ,കാക്കാഴം | 17.08.2021 | 200000/- | |
| 6 | കമല,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 7 | സുലോചന,പുതുവൽ,കോമന | 17.08.2021 | 260000/- | |
| 8 | ശാന്തി,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 9 | മായാഷാജി,പുതുവൽ,കോമന | 17.08.2021 | 40000/- | |
| 10 | ശാന്തി കുഞ്ഞുമോൻ,പുതുവൽ,കോമന | 17.08.2021 | 40000/- | |
| 11 | അജിത വിജേഷ്,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 12 | സുരേഷ്,പുതുവൽ,കോമന | 17.08.2021 | 40000/- | |

| | | | | |
|---|---|---|---|---|
| 13 | പത്മവല്ലി പൊന്നപ്പൻ,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 14 | ഷിജി ബിജു,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 15 | ശ്രീദേവി ഉണ്ണി,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 16 | സുബൈദബീവി,പുതുവൽ,കോമന | 17.08.2021 | 200000/- | |
| 17 | പ്രശാന്തകുമാരി,വടലാത്ത,അമ്പലപ്പുഴ | 17.08.2021 | 200000/- | |
| 18 | ലൈല,പുതുവൽ,കോമന | 17.08.2021 | 260000/- | |
| 19 | വൽസല സത്യപാലൻ,വടക്കേവീട്,കോമന | 17.08.2021 | 40000/- | |
| 20 | ആബിദ,പുതുവൽ,കോമന | 17.08.2021 | 360000/- | |
| 21 | സുമലത രഘു,വേലങ്ങാട്ട്,തോട്ടപ്പള്ളി | 17.08.2021 | 360000/ | |
| 22 | ഉമൈസബീവി,മുരിക്കുംമൂട്ടിൽ | 17.08.2021 | 360000/ | |
| 23 | ഷൈനി സുനിൽ,പുതുവൽ,കോമന | 17.08.2021 | 40000/- | |
| 24 | ശ്രീലത,നെല്ലിപറമ്പ് | 21.03.2022 | 40000/- | |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/28.02.2023) മറുപടിയിൽ പണി പൂർത്തികരിക്കാത്ത ഗുണഭോക്താകളുടെ ഒരു മീറ്റിംഗ് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 21ാം തീയതി കൂടിയിട്ടുള്ളതും പണി പൂർത്തികരികരിക്കാൻ നടപടികൾ സ്വീകരിച്ച വരുന്നതായും അറിയിച്ചിട്ടുണ്ട്.അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഓഡിറ്റ് ഇംപാക്ട് -കാലി വീപ്പയുടെ വില ഈടാക്കിയതിൽ കുറവ് വന്ന 3131 രൂപ /- പഞ്ചായത്തു ഫണ്ടിൽ ഒടുക്കി.

കരുവാറ്റ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്കഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളതെങ്കിലും കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില കുറവായി ഈടാക്കിയതായി കണ്ടു. ഒഴിഞ്ഞ ടാർ വീപ്പയ്ക്ക് ഈടാക്കേണ്ട വിലയായ 238/- രൂപയോടൊപ്പം 18% ജി.എസ്.ടി ഉൾപ്പെടെ 281/-രൂപ നിരക്കിൽ ഈടാക്കാതിരുന്നത് മൂലം നഷ്ടം സംഭവിച്ചിട്ടുള്ളതായി കണ്ടതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അളവുപുസ്തകം | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/-രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | ബിൽ നമ്പർ, തിയതി |
|---|---|---|---|---|---|---|---|
| 1 | മേപ്പള്ളിൽ തോണിപ്പുരയ്ക്കൽ റോഡ് പുനരുദ്ധാരണം -W-12 S0046/22,/13/21-22. | മുഹമ്മദ് ഇസ്മയിൽ | 7 ബാരൽ | 1967 /- | 1750/- | 217/- | 23/21-22,dt.22.3.22 316400/- |
| 2 | അഞ്ചുതെങ്ങ് കാട്ടിപ്പറമ്പ റോഡ് ടാറിംഗ്-W-13 S083/22/14/20-21. | മുഹമ്മദ് ഇസ്മയിൽ | 5 ബാരൽ | 1405/- | 1250/- | 155/- | 2/21-22,dt. 26.02.22 152329/- |
| 3. | മണിമലത്തറ -തട്ടു പുരയ്ക്കൽ റോഡ്ടാറിംഗ്- W6,14 81/21-22 | ഷൈൻ.പി. | 19ബാരൽ | 5339/- | 4750/- | 589/- | 10/21-22,dt. 25.01.22 61117/- |
| 4. | ചക്കിട്ട ക്ഷേത്രം റോഡ് ജംഗ്ഷൻ മുതൽ തെക്കോട്ട് പുനരുദ്ധാരണം- w-6/s 0040/22 /3/21-22 | ഷൈൻ.പി. | 8 ബാരൽ | 2248/- | 2000/- | 248/- | 9/21-22,dt. 25.01.22 315840/- |
| 5. | വലിയപറമ്പ് റോഡ് പുനരുദ്ധാരണം W-9 S 0042/22/18/21-22 | ശിവരാജൻ ഡി. | 15 ബാരൽ | 4215/- | 3750 | 465/- | 28/21-21 /30.03.22 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6. | വിജയസദനം എസ്.എൻ.ഡി.പി. യു.പി. സ്കൂൾ റോഡ് പുനരുദ്ധാരണം W-10 S 0091/22/19/21-22 | ശിവരാജൻ ഡി. | 15 ബാരൽ | 4215/- | 3750 | 465/- | 29/21-22,dt. 30.03.22 Rs-316400/- |
| 7. | 1742 സൊസൈറ്റി കരീപ്പീടിക ജംഗ്ഷൻ റോഡ് പുനരുദ്ധാരണം-w-1,s0092/22 20/21-22 | ശിവരാജൻ ഡി. | 15 ബാരൽ | 4215/-- | 3750 | 465/- | 30/21-22,dt. 30.03.22 Rs-316400/- |
| 8. | ആശ്രമം വള്ളപ്പുര റോഡ് പുനരുദ്ധാരണം-w-5,7, S 0039/22/9/21-22 | മുഹമ്മദ് ഇസ്മയിൽ | 17 ബാരൽ | 4777/- | 4250 | 527/- | 20/21-22 /19.02.22 Rs632135 |
| | | | | ആകെ | | 3131/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2/27.02.23) നൽകിയതിനു ശേഷം ഈടാക്കിയതിൽ കുറവു വന്ന തുകയായ 3131 രൂപ രസീത് നമ്പർ 1220800054/01.03.2023 പ്രകാരം പഞ്ചായത്തു ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ രസീത് പരിശോധനയ്ക്കു ഹാജരാക്കിയിട്ടുണ്ട്. ആകെ 101 ബാരലിന്റെ വിലയിൽ വന്ന കുറവ് തുക പഞ്ചായത്തു ഫണ്ടിലും ജി.എസ്.ടി ഇനത്തിൽ കുറവു വന്ന തുക ജി.എസ്.ടി വകുപ്പിലും ഒടുക്കി ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-22 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/ അളവുപുസ്തകം | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ തിയതി |
|---|---|---|---|---|
| 1 | മേപ്പള്ളിൽ തോണിപ്പുരയ്ക്കൽ റോഡ് പുനരുദ്ധാരണം -W-12 S0046/22, /13/21-22 | 1750/- | മെയിന്റനൻസ് ഗ്രാന്റ് | 23/21-22,dt.22.3.22 316400/- |
| 2 | അഞ്ചുതെങ്ങ് കാട്ടിപ്പറമ്പ റോഡ് ടാറിംഗ്-w-13 S083/22 /14/20-21. | 1250/- | മെയിന്റനൻസ് ഗ്രാന്റ് | 22/21-22,dt. 26.02.22 152329/- |
| 3. | മണിമലത്തറ -തട്ടു പുരയ്ക്കൽ റോഡ്ടാറിംഗ്-W6,14 81/21-22 | 4750/- | വികസന ഫണ്ട്. | 10/21-22,dt. 25.01.22 61117/- |
| 4. | ചക്കിട്ട ക്ഷേത്രം റോഡ് ജംഗ്ഷൻ മുതൽ തെക്കോട്ട് പുനരുദ്ധാരണം-w-6 | 2000/- | മെയിന്റനൻസ് ഗ്രാന്റ് | 9/21-22,dt. 25.01.22 315840/- |
| 5. | വലിയപറമ്പ് റോഡ് പുനരുദ്ധാരണം W-9 S 0042/22 | 3750 | മെയിന്റനൻസ് ഗ്രാന്റ് | 28/21-21 /30.03.22 |

| | | | | |
|---|---|---|---|---|
| | /18/21-22 | | | |
| | ആകെ | 13500/- | | |

ജി.ഒ.(പി)177/06 ധനം 12-04-06 ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെ വില ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.1/27.02.23) ടി. തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കുന്നതിനായി സെക്രട്ടറിക്ക് കത്തു നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഇപ്രകാരം തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കു വരുത്തി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവർത്തികളുടെ Penalty For Breach Of Contract, Agreed Date Of Completion എന്നിവ രേഖപ്പെടുത്തുന്നില്ല.

5. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/27.02.23)ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ടി. അപാകതകൾ പരിഹരിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്.
മേൽസൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 205411 | ലൈഫ്ഭവന നിർമ്മാണം(ജനറൽ) | 205411 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 100000 | ലൈഫ്ഭവന നിർമ്മാണം(എസ് സി) | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 280200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 280200 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 150000 | അഗതിരഹിത കേരളം | 150000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2021-22 | 169998 | സാന്ത്വന പരിചരണ പരിപാടി | 169998 | 0 |
| ആകെ | | 905609 | | 905609 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000 | ലൈഫ്(ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | ലൈഫ്ഭവന നിർമ്മാണം(ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 298998 | ലൈഫ്ഭവന നിർമ്മാണം(എസ് സി) | 298998 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 425000 | ഭൂമി വാങ്ങൽ(എസ് സി) | 425000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 73000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 73000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1000000 | ബഡ് സ്കൂൾ വിപുലീകരണം | 1000000 | 0 |
| ആകെ | | 2296998 | | 2296998 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പൊതു കുഴൽകിണർ നിർമ്മാണം (പ്രോജക്ട് നം. 63/22) | 254/01.02.22 | 877000 | | 877000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 2021-22 ൽ ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം എസ്)2278/ത സ്വ ഭ വ തീയതി 18.08.2018 | 3100000 | 25041333 | 3593333 | 0 | 24548000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

* ഇല്ല.

* RP-10 ൽ ഉൾപ്പെടുത്തിയിരിക്കുന്ന
(1) Recovery From Elected Representatives - Audit Recovery Based On AuditReport/Audit Enquiry - 20439/-
(2) Recovery From Elected Representatives - Audit Recovery Based On ChargeCertificate - 4879/-
എന്നീ തുകകൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള റിക്കവറികളാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00 | 2003-04 | പബ്ലിക് മാർക്കറ്റ് റോഡ് ഗ്രാവലിംഗ് | അക്കൗണ്ട്സ് കമ്മറ്റി തീരുമാനം അറിയിച്ചിട്ടില്ല |
| 1999-00 | 2003-04 | നികുതി പിരിവ്-പിഴപ്പലിശ ഈടാക്കിയിട്ടില്ല | |
| 1999-00 | 2003-04 | താറാവ് വിതരണം | |
| 2000-01 | 2003-04 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം | |
| 2000-01 | 2003-04 | വനിത സ്വയംസഹായ സംഘങ്ങൾക്ക് ധനസഹായം | |
| 2000-01 | 2003-04 | മെതിയന്ത്രം-രസീതില്ല | |
| 2015-16 | 2016-17 | തൊഴിൽ നികുതി | 10.08.2018-ലെ X(1) തീരുമാന പ്രകാരം മറുപടി നൽകി |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 64991676 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 62915752 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1227830 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 42930 | ഡോ.അഞ്ജു ശ്രീധരൻ,എം.ഒ, (സി.എച്ച്.സി) |
| 1-13 | 9170 | ഡോ.അഞ്ജു ശ്രീധരൻ,,എം.ഒ, (സി.എച്ച്.സി) |
| 1-15 | 877000 | ശ്രീ.അജയകുമാർ.സി.വി. സെക്രട്ടറി |
| 1-18 | 92673 | നിഷ എൻ തയ്യിൽ, സെക്രട്ടറി |
| 1-19 | 206057 | ഡോ.അനീഷ്.പി, എം.ഒ(ഹോമിയോ) |
| ആകെ | 1227830 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ.സി.വി. സെക്രട്ടറി | സെക്രട്ടറി, കരുവാറ്റ ഗ്രാമപഞ്ചായത്ത് | ചേലക്കാട്ടത്ത് കാരായ്മ വള്ളികുന്നം പി.ഒ, ആലപ്പുഴ |
| നിഷ എൻ തയ്യിൽ, സെക്രട്ടറി | സെക്രട്ടറി, ചേറോട് ഗ്രാമപഞ്ചായത്ത് | ഇന്ദുഭം, ഹരിപ്പാട്, ആലപ്പുഴ |
| ഡോ.അനീഷ്.പി, എം.ഒ(ഹോമിയോ) | എം.ഒ(ഹോമിയോ), കുമ്പളങ്ങി. | ഹിൽവ്യൂ കോട്ടേജ്,ചെങ്കുളം പി.ഒ,കൊല്ലം |

| | | |
|---|---|---|
| ഡോ.അഞ്ജു ശ്രീധരൻ, എം.ഒ, പി.എച്ച്.സി | പി.എച്ച്.സി, തൃക്കുന്നപ്പുഴ | ബംഗ്ലാവിൽ വീട്, കോമന, അമ്പലപ്പുഴ, ആലപ്പുഴ |

4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 1998-1999 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 03.02.12 |
| 2000-2001 ചെലവ് | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/ 04.02.12 |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/ 04.02.12 |
| 2006-2007 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2007-2008 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2008-2009 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2009-2010 | എൽ.എഫ്.ജി.എ.5.1577/2013/ 14.05.2014 |
| 2010-2011, 2011-2012 | എൽ.എഫ്.എപി3-1399/2012/14.07.2014 |
| 2012-2013 | എൽ.എഫ്.എപി3-09/2014/21.03.2015 |
| 2013-2014 | എൽ.എഫ്.എപി3-550/15/ 03.06.2015 |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി3-629/16/07.07.2017 |
| 2015-16 | കെ.എസ്.എ/എഎൽ.പി/പി3-730/17/15.01.2017 |
| 2016-17 | കെ.എസ്.എ/എഎൽ.പി/പി3-615/17/20.12.2017 |
| 2017-18 | കെ.എസ്.എ/എഎൽ.പി/പി3-1496 /2018/05.01.2019 |
| 2018-19 | കെ.എസ്.എ/എഎൽ.പി/പി3-1032 /2019/28.12.2019 |
| 2019-20 | കെ.എസ്.എ.എ.എൽ.പി- പി 3/ 563 /2021/05-07-21 |
| 2020-21 | കെ.എസ്.എ.എ.എൽ.പി- പി 3/ 712/2022/16.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്